**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 306** **28-06-2024 - ൽ മറുപടിയ്ക്ക്**

**വ്യക്തിഗത വേൾഡ് റിക്കാർഡ് ജേതാക്കളെ പ്രോത്സാഹിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | യുണിവേഴ്സൽ റിക്കാർഡ്സ് ഫോറം, ലിംക ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്, ഗിന്നസ് വേൾഡ് റിക്കാർഡ് എന്നിവ നേടുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ കുട്ടികളെ ഇത്തരം ഉദ്യമങ്ങളിലേക്ക് ആകർഷിക്കുന്നതിനുമായി ധനസഹായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | യുണിവേഴ്സൽ റിക്കാർഡ്സ് ഫോറം, ലിംക ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്, ഗിന്നസ് വേൾഡ് റിക്കാർഡ് എന്നിവ നേടുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനും കൂടുതൽ കുട്ടികളെ ഇത്തരം ഉദ്യമങ്ങളിലേക്ക് ആകർഷിക്കുന്നതിനുമായി ധന സഹായ പദ്ധതികൾ ആവിഷ്കരിക്കാ നുള്ള നടപടികളൊന്നും പൊതുവിദ്യാ ഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പ കളുടെ പരിഗണനയിൽ ഇല്ല. |
| (ബി) | ഇത്തരം റിക്കാർഡ് ജേതാക്കൾക്ക് സർക്കാർ നേരിട്ട് നടത്തുന്ന കേരളീയം പോലുള്ള സംസ്ഥാന-ജില്ലാതല പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതിന് അവസരം നൽകുമോ; വിശദമാക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. |
| (സി) | വിദ്യാർത്ഥികൾ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹനമായി അക്കാദമിക് - മത്സര പരീക്ഷകളിൽ ഗ്രേസ് മാർക്ക് നല്കുന്നത് പരിഗണിക്കുമോ; | (സി) | കുട്ടികളിൽ അന്തർലീനമായിരിക്കുന്ന നൈസർഗ്ഗിക വാസനകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. തങ്ങളുടെ പ്രവർത്തനസമയം പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പഠനസമയ നഷ്ടം പരിഹരിക്ക ന്നതിന് വേണ്ടിയാണ് ഗ്രേസ് മാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. ഗ്രേസ് മാർക്ക് ഏർപ്പെടുത്തുന്നതിന് അവർ നേടിയ നേട്ടങ്ങളെ വിശദമായി പരിശോധിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്താൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുമോ എന്ന് അറിയിക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ